**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 349** **22-02-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിടനിർമ്മാണ പെർമിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിടനിർമ്മാണ പെർമിറ്റുകൾ പരമാവധി ഒൻപത് വർഷക്കാലം വരെ പുതുക്കി നൽകാമെന്നുള്ള നിലവിലെ വ്യവസ്ഥ മാറ്റി കാലാവധി ദീർഘിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടം 2019 പ്രകാരം കെട്ടിടനിർമ്മാണ പെർമിറ്റുകളുടെ കാലാവധി 10 വർഷമായി ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) | വൻകിട കെട്ടിടങ്ങൾ സാമ്പത്തിക പ്രയാസം കാരണവും കോവിഡ് മൂലവും ഒൻപത് വർഷം കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ മുഴുവൻ ഫീസും അടച്ച് രേഖകൾ വീണ്ടും വാങ്ങുന്നതിൽ നിന്ന് ഒഴിവാക്കിക്കൊടുത്തുകൊണ്ട് കാലാവധി നീട്ടിക്കൊടുക്കുവാൻ വ്യവസ്ഥ ചെയ്യുമോ; | (ബി) | കോവിഡ് കാലത്ത് കാലാവധി അവസാനിച്ച കെട്ടിടനിർമ്മാണപെർമിറ്റുകളുടെ കാലാവധി വിവിധ ഘട്ടങ്ങളിലായി 30.06.2022 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഇങ്ങനെ ദീർഘിപ്പിക്കുന്നതിന് ഫീസ് അടയ്ക്കേണ്ടതില്ല. |
| (സി) | ഒരിക്കൽ നിർമ്മിച്ച് നിയമാനുസരണം നമ്പർ ഇട്ട് പ്രവർത്തിച്ചുവരുന്ന കെട്ടിടങ്ങൾക്ക് മുകളിൽ നില നിർമ്മിക്കുമ്പോൾ ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട വിഷയം ഉൾപ്പെടെ വീണ്ടും ഉയർന്നുവരുന്നത് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | ഉണ്ട്. ഒരിക്കൽ നിർമ്മിച്ച് നിയമാനുസരണം നമ്പർ ഇട്ട് പ്രവർത്തിച്ചുവരുന്ന കെട്ടിടങ്ങൾക്ക് മുകളിൽ നില നിർമ്മിക്കുമ്പോൾ ഭൂമി തരം വ്യവസ്ഥ കൂടി പാലിച്ചാൽ മാത്രമേ നിർമ്മാണ അനുമതി നമ്പറിംഗ് എന്നിവ നൽകാൻ കഴിയുകയുള്ളൂ. ആയതിന് നിയമാനുസരണം റവന്യൂ വകുപ്പ് മുഖേന അപേക്ഷ നൽകി തരം മാറ്റാവുന്നതാണ്. |

സെക്ഷൻ ഓഫീസർ